(ബി) ഉണ്ടെങ്കിൽ ഇത്തരം പി.എച്ച്.സി.-കളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഈ വാർഡുകൾ പ്രവർത്തനസജ്ജമാക്കാൻവേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തസ്തിക സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്നമുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ജില്ലാ ആശുപത്രികളിൽ വിവിധ സ്പെഷ്യാലിറ്റി വകുപ്പുകൾ ആരംഭിക്കുന്നതിന് പദ്ധതി

140 (4575) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്റോളജി, സൈക്യാട്രി തുടങ്ങിയ സ്പെഷ്യാലിറ്റി വകുപ്പുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് ആശുപത്രികളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും കാർഡിയോളജി, നെഫ്റോളജി, സൈക്യാട്രി എന്നീ വകുപ്പുകൾ ആരംഭിക്കുന്നതിന് ഈ സാമ്പത്തിക വർഷം 1 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ വിഭാഗത്തിലേക്ക് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനത്തിനും നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 128 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകി ലോകബാങ്കിന്റെ സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly